# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ
# പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/3233/2018-EB(1)

തിരുവനന്തപുരം, തീയതി, 29.06.2018
website: www.cooperation.kerala.gov.in
e-mail: keralarcs@gmail.com

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം - 30.06.2018 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിക്കുന്ന അഡീഷണൽ രജിസ്ട്രാർമാർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനുള്ള നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം: -

സഹകരണ വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന താഴെ പറയുന്ന ഉദ്യോഗസ്ഥർ 30.06.2018 ന് സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. ടി ഉദ്യോഗസ്ഥരെ 30.06.2018 അപരാഹ്നം സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് അനുവദിച്ചുകൊണ്ടും, ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല ടിയാളുകളുടെ പേരിന് നേരെ കാണിച്ചിരിക്കുന്ന ആഫീസർക്ക് കൈമാറുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ പേരും തസ്തികയും | വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറി നൽകേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | ശ്രീ. വി. സനിൽകുമാർ, അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, കേരള സ്റ്റേറ്റ് കോ=ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്, തിരുവനന്തപുരം | അഡീഷണൽ രജിസ്ട്രാർ/ സെക്രട്ടറി, കേരള സ്റ്റേറ്റ് കോ=ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം |
| 2 | ശ്രീമതി. സി. ജയശ്രീ, അഡീഷണൽ ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം | ജോയിന്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |

ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ/കളുടെ അധിക ചുമതല വഹിക്കുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർക്ക് കൈമാറേണ്ടതാണ്.

ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറിയതിന്റെയും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ

റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് യഥാസമയം അയയ്ക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. ഡി. സജിത്ബാബു. ഐ.എ.എസ്.,
സഹകരണ സംഘം രജിസ്ട്രാർ

വ്യക്തികൾക്ക്:

പകർപ്പ്:
1) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
4) ചെയർമാൻ, കെരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്, തിരുവനന്തപുരം
5) ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം,
6) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)